**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3548** | **12-03-2025 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം നേടുന്നവരിലെ സ്ത്രീ-പുരുഷ അനുപാതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | രാജ്യത്ത് ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം നേടുന്നവരിലെ സ്ത്രീ-പുരുഷ അനുപാതത്തിൽ കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. ആൾ ഇന്ത്യ ഹയർ എഡ്യൂക്കേഷൻ സർവ്വേ (AISHE) 2021-22 റിപ്പോർട്ട് പ്രകാരം ദേശീയ ഗ്രോസ് എൻറോൾമെന്റ് റേഷ്യോ (GER) ദേശീയ ശരാശരി 28.4 -ഉം സംസ്ഥാന ശരാശരി 41.3 -ഉം ആണ്. ആയതിൽ മെയിൽ GER ദേശീയ തലത്തിൽ 28.3 -ഉം സംസ്ഥാന തലത്തിൽ 34.1 -ഉം ആണ്. ഫീമെയിൽ GER ദേശീയ തലത്തിൽ 28.5-ഉം സംസ്ഥാനതലത്തിൽ 49.0 -ഉം ആണ്.<br><br>ദേശീയ തലത്തിലെ സ്ത്രീ - പുരുഷ അനുപാത സൂചിക 1.01 ആയിരിക്കേ, കേരളത്തിലേത് 1.44 ആണ്. ഇത് സംസ്ഥാനങ്ങളുടെ പട്ടികയിൽ ഏറ്റവും ഉയർന്ന ജെന്റർ പാരിറ്റി ഇൻഡക്സ് ആണ്. |
| (ബി) | ഈ നേട്ടം കൈവരിക്കുന്നതിന് കഴിഞ്ഞ സർക്കാരും ഈ സർക്കാരും തുടരുന്ന വിദ്യാഭ്യാസ നയങ്ങൾ എത്രത്തോളം സഹായകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉന്നതവിദ്യാഭ്യാസരംഗത്ത് സംസ്ഥാനത്ത് നടപ്പിലാക്കിയ ഏറ്റവും ശ്രദ്ധേയമായ പദ്ധതികളിലൊന്നാണ് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി. കേരളത്തിലെ ഗവൺമെന്റ്/ എയിഡഡ് കോളേജുകളിലും, യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകളിലും പ്രൊഫഷണലേതര വിഷയങ്ങളിൽ ഒന്നാം വർഷ ഡിഗ്രി കോഴ്സിനു ചേരുന്ന (എയിഡഡ് കോഴ്സുകൾ) വിദ്യാർത്ഥികൾക്കാണ് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകുന്നത്. പ്ലസ് ടു വിന്/ തത്തുല്ല്യ പരീക്ഷകൾക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ 1000 വിദ്യാർത്ഥികളെയാണ് ബിരുദ പഠനത്തിനുള്ള സ്കോളർഷിപ്പിനായി ഓരോ വർഷവും തെരഞ്ഞെടുക്കുന്നത്. ബിരുദാനന്തര ബിരുദ പഠനത്തിന് 600 സ്കോളർഷിപ്പുകളാണ് പ്രതിവർഷം നൽകുന്നത്. ഈ സ്കോളർഷിപ്പ് പ്രയോജനപ്പെടുത്തി ബിരുദവും ബിരുദാനന്തര ബിരുദവും നേടുന്നതിൽ നല്ലൊരു ശതമാനം പെൺകുട്ടികളാണ്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തു നിന്നും വിദേശ രാജ്യങ്ങളിലേയ്ക്ക് ഉപരിപഠനത്തിനായി പോകുന്നവരിൽ കൂടുതലും പെൺകുട്ടികളാണെന്നുള്ള സർവ്വേ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. ഉന്നതവിദ്യാഭ്യാസത്തിനായി, ഇതരരാജ്യങ്ങളെ ആശ്രയിക്കുന്ന വിദ്യാർത്ഥികൾക്കായി 2021 മുതൽ നോർക്ക റൂട്ട്സിൽ തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ഉപരിപഠനത്തിനായി വിദേശത്തു പോയിട്ടുള്ള, നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണം കണക്കിലെടുത്താൽ, അതിൽ കൂടുതൽ പെൺകുട്ടികളാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | ആഗോള തലത്തിൽ ഉയർന്നു വരുന്ന പുത്തൻ തൊഴിലവസരങ്ങൾ മനസ്സിലാക്കി വിദ്യാർത്ഥികളുടെ നൈപുണ്യ വികസനത്തിന് കൂടുതൽ ഊന്നൽ നൽകുമോ; വിശദമാക്കുമോ? | (ഡി) | *സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും 2024-25 അദ്ധ്യയന വർഷം മുതൽ മൂന്നുവർഷം കഴിയുമ്പോൾ ബിരുദവും നാലാം വർഷം തുടർന്ന് ക്യാപ്സ്റ്റോൺ പ്രൊജക്റ്റ് ഉള്ള ഹോണേഴ്സ് ബിരുദം/ ഹോണേഴ്സ് വിത്ത് റിസർച്ച് ബിരുദം നേടാനും കഴിയുന്ന തരത്തിലുള്ള FYUGP പ്രോഗ്രാമുകൾ ആവിഷ്കരിച്ചിട്ടുണ്ട്.*<br><br>*ഉന്നത വിദ്യാഭ്യാസ മേഖലയിലെ നൈപുണ്യ വിടവ് നികത്തുന്നതിനും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഹ്രസ്വകാല വ്യവസായ സംബന്ധിയായ കോഴ്സുകൾ ആരംഭിക്കുന്നതിനും എല്ലാ തലങ്ങളിലേയും ഉന്നത വിദ്യാഭ്യാസത്തിലേക്ക് നൈപുണ്യത്തെ സമന്വയിപ്പിക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നൈപുണ്യ വികസന കോഴ്സുകളും കരിയർ പ്ലാനിംഗും നടത്തുന്നതിനായി Centre for Skill Development Courses and Career Planning (CSDCCP) എന്നൊരു കേന്ദ്രം സ്വയം പര്യാപ്ത രീതിയിൽ ആരംഭിക്കും. ഈ കേന്ദ്രങ്ങൾ വാഗ്ദാനം ചെയ്യുന്ന കോഴ്സുകൾ നിർദ്ദിഷ്ട പ്രാദേശിക/വ്യവസായ ആവശ്യങ്ങൾ നിറവേറ്റുന്നതോടൊപ്പം വിദ്യാർത്ഥികൾക്ക് ആവശ്യമായ വിവിധതലത്തിലുള്ള നൈപുണി വികസനത്തിനും (Skilling, Upskilling, Reskilling) പ്രത്യേക തൊഴിൽ പരിശീലനത്തിനും സഹായകരമാവുകയും ഇതുവഴി സംസ്ഥാനത്തെ മൊത്തത്തിലുള്ള ഉന്നത വിദ്യാഭ്യാസ പരിതസ്ഥിതിക്കും വിദഗ്ധ പ്രൊഫഷണലുകളെ വാർത്തെടുക്കുന്നതിന് സഹായകമാവുകയും ചെയ്യും. അക്കാദമിക് സൂക്ഷ്മതയ്ക്കൊപ്പം നൈപുണ്യ വികസനം ഉറപ്പാക്കുന്നതിന് FYUG പ്രോഗ്രാമുകളുടെ മൈനർ കോഴ്സുകൾക്ക് പകരമായി ഈ ഹ്രസ്വകാല നൈപുണ്യ വികസന കോഴ്സുകളിലൂടെ നേടിയ ക്രെഡിറ്റുകൾ ഉപയോഗിക്കാൻ വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കും.*<br><br>*നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ ഭാഗമായി പഠിക്കുന്ന തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ മൈനർ* |

പാത്ത്‌വേയുടെ ഭാഗമാക്കാനും സാധിക്കും. സ്കിൽ കോഴ്സുകൾ പ്രദാനം ചെയ്യുന്നതിന് അസാപ് കേരള, കെൽട്രോൺ, IHRD, ICT അക്കാഡമി ഓഫ് കേരള എന്നീ സ്ഥാപനങ്ങളുടെ കോഴ്സുകൾക്ക് സംസ്ഥാന സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പഠിക്കുന്ന കോളേജിൽ അത്തരം കോഴ്സുകൾ ലഭ്യമല്ലെങ്കിൽ മറ്റ് അംഗീകൃത സ്ഥാപനങ്ങളുടെ നൈപുണ്യവികസനകേന്ദ്രങ്ങളിൽ നിന്ന് നേരിട്ടോ ഓൺലൈനായോ വിദ്യാർത്ഥിക്ക് വൊക്കേഷണൽ കോഴ്സുകൾ തെരഞ്ഞെടുത്ത് പഠിക്കാം.

സാങ്കേതിക വിദ്യാഭ്യാസവകുപ്പിനു കീഴിൽ എഞ്ചിനീയറിംഗ്/ ഡിപ്ലോമ വിദ്യാർത്ഥികളെ ഇന്നവേഷൻ സമൂഹമായി വാർത്തെടുക്കുന്നതിന് പാഠ്യപദ്ധതിയിൽ തന്നെ മാറ്റം വരുത്തിയിട്ടുണ്ട്. Entrepreneurship & Startups എന്നത് ഒരു പാഠ്യവിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ Production & Training, Innovation Entrepreneurship Development Cell, Technology Induction Cell തുടങ്ങിയ പല പദ്ധതികളും പോളിടെക്നിക്ക് മേഖലയിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. തൊഴിൽദാതാക്കളായ സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വകുപ്പിന് കീഴിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ IOC (ഇൻഡസ്ട്രി ഓൺ ക്യാമ്പസ്) പദ്ധതി നടപ്പിലാക്കി വരുന്നു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് പതിനാലാം പഞ്ചവൽസര പദ്ധതി കാലയളവിൽ വിഭാവനം ചെയ്യുന്ന വിഭവ വിനിയോഗ നിർവ്വഹണ കേന്ദ്രം (Resource Management Centre) പരിശീലന പരിപാടികളും ഗവേഷണ പ്രവർത്തനങ്ങളും വിവിധ സാങ്കേതിക വിഷയങ്ങളിലെ ഉള്ളടക്കം വികസിപ്പിക്കലും ഭരണപരമായ പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് കേന്ദ്രീകൃതമായി നടപ്പാക്കാനും ഘട്ടം ഘട്ടമായി പദ്ധതി കാലയളവിൽ പരിപൂർണ്ണ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റാനും ലക്ഷ്യമിടുന്നു. സി.ഇ.ടി എഞ്ചിനീയറിംഗ് കോളേജിലെ പ്രൊഫസർമാരുടെ അക്കാദമിക് പിന്തുണയോടെ, KDISC, KKE -യുമായി സഹകരിച്ച്, കേരളത്തിലെ യുവാക്കളുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള ഒരു നൈപുണ്യ വികസന പരിശീലന പരിപാടിയായ വിജ്ഞാന കേരളം പദ്ധതി 2025 മാർച്ച് 5 -ന് ഉദ്ഘാടനം ചെയ്തു. ഈ വർഷത്തോടെ 25,000 തൊഴിലവസരങ്ങൾ ലക്ഷ്യമിടുന്നു.

| | | | |
|---|---|---|---|
| | | | *ആഗോളതലത്തിൽ ഉയർന്ന് വരുന്ന പുത്തൻ തൊഴിലവസരങ്ങൾ മനസ്സിലാക്കുന്നതിനും അതിനനുയോജ്യമായ രീതിയിൽ നൈപുണ്യ പരിശീലനത്തിന് അവസരമൊരുക്കുന്നതിനും അസാപ് കേരള ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബിസിനസ് അനലിറ്റിക്സ്, സൈബർ സെക്യൂരിറ്റി, ഓഗ്മെന്റഡ് റിയാലിറ്റി/വിർച്ചൽ റിയാലിറ്റി തുടങ്ങിയ പുതുതലമുറയ്ക്ക് അനുയോജ്യമായ ഐ.ടി.കോഴ്സുകളിൽ പരിശീലനം നേടാൻ അവസരമൊരുക്കുന്നു. കൂടാതെ, ഫിനാൻസ്, ഇലക്ട്രിക്ക് വെഹിക്കിൾ ടെക്നോളജി, മെഡിക്കൽ കോഡിങ്, ലോജിസ്റ്റിക്സ്, ഹൈഡ്രോപോണിക്സ് തുടങ്ങി ശ്രദ്ധേയമായ ഐ.ടി. ഇതര മേഖലകളിലെ കോഴ്സുകൾ രൂപപ്പെടുത്താനും മികച്ച രീതിയിൽ പരിശീലനം നൽകി തൊഴിലിലേക്കു നയിക്കാനും അസാപ് വഴി സാധ്യമാക്കുന്നു.*<br><br>എൻറോൾഡ് ഏജന്റ് എന്ന കോഴ്സ് രൂപപ്പെടുത്തുവാനും അതിൽ പരിശീലനം പൂർത്തിയാക്കിയ കുട്ടികളെ, പരീക്ഷയ്ക്കും മുൻപേ തന്നെ ആകർഷകമായ സേവന വേതന വ്യവസ്ഥകളിൽ തൊഴിൽ കരസ്ഥമാക്കാൻ സഹായിക്കാനും അസാപ് വഴി സാധിച്ചു.<br><br>*വിദേശഭാഷാപരിശീലനത്തിന്റെ ഭാഗമായി ഇംഗ്ലീഷ്, ജർമൻ, ജാപ്പനീസ് മുതലായ വിദേശഭാഷകൾ മികച്ച രീതിയിൽ കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനവും അസാപ് കേരള ഒരുക്കിയിട്ടുണ്ട്.* |

സെക്ഷൻ ഓഫീസർ